# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3302 22.08.2017 ൽ മറുപടിയ്ക്ക്

## സിവിൽ സർവ്വീസ് മേഖലയിൽ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ഈ സർക്കാർ സിവിൽ സർവ്വീസ് മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ; | (എ) പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശങ്ങളോടുകൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു കൊണ്ട് 04.01.2017 ലെ G.O.(Ms) No.1/17/P&ARD ഉത്തരവു പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ സ്പെഷ്യൽറൂൾസ് രൂപീകരണം പുരോഗമിക്കുന്നു. |
| (ബി) സാമാന്യ ജനങ്ങൾക്ക് കൂടുതൽ സേവനമികവ് ലഭ്യമാക്കുന്നതരത്തിൽ എന്തെല്ലാം അടിയന്തര മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ മുൻഗണനാ വിഷയങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദ വിവരം നൽകുമോ? | (ബി) സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതുൾപ്പെടെ സിവിൽ സർവ്വീസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി ഭരണ പരിഷ്കാര കമ്മീഷനെ നിയമിക്കുകയും കമ്മീഷൻ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ